-51-

DESPATCHED
On 10/3/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1216*(2)/2020*/***എസ്.ഐ.സി.* തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 9155/*എസ്.ഐ.സി-ജി 6/2020)*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ശോഭന എസ്.,
ശബരി, TC 8/1218, (41/1779)
വലിയവിള
തിരുമല പി.ഒ
തിരുവനന്തപുരം - 695 006
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസ് &
സെക്രട്ടറി
പൂവച്ചൽ ഗ്രാമ പഞ്ചായത്ത്
പൂവച്ചൽ പി.ഒ 695 575

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 18.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീയതി | 07.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.09.2020 |
| ഹിയറിംഗ് നടന്ന തീയതി, ഓഡിയോ ഹിയറിംഗ് | 19.01.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ശോഭന എസ്, 17.09.2020-ൽ

സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1216(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും ആയതിനെതിരെ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നുമാണ്. ആയതിനാൽ ടിയാളുടെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കണമെന്നും കൂടാതെ ടിയാളുടെ അപേക്ഷ മറ്റൊരാൾക്ക് കൈമാറിയ എസ്.പി.ഐ.ഒ യ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ടിയാളുടെ ഉടമസ്ഥതയിലുള്ള 483/4-2 സർവ്വേ നമ്പർ വസ്തുവുമായി അതിരു പങ്കിടുന്ന ഡോ. ജോയി ജോണിന്റെ ഉടമസ്ഥതയിലുള്ള ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന മൂന്ന് നിലകെട്ടിടം ഇപ്പോൾ നിലവിലുള്ള കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള മാനദണ്ഡ പ്രകാരമാണോ നിർമ്മിച്ച് വരുന്നതെന്നും

ii. സർവ്വേ നമ്പർ: 483/4-1-ൽ ജോയി ജോണിന്റെ പേരിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റിനായി സമർപ്പിച്ച പ്ലാനിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കണമെന്നും

iii. ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

iv. ഡോ. ജോയി ജോണിന്റെ സർവ്വെ നമ്പർ (483/4-1) വസ്തുവിൽ നിർമ്മാണത്തിലിരിക്കുന്ന ടി കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് ഹർജിക്കാരരിയുടെ പേരിലുള്ള 483/4-2 സർവ്വെ നമ്പറിലുള്ള വസ്തുവിന്റെ അതിരുമായി എത്ര മീറ്റർ ഓഫ് സെറ്റിലാണ് നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നതെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളും രേഖകളുടെ പകർപ്പുകളുമാണ്.

-53-

മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരി 07.09.2020 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും അപേക്ഷയിലെ ക്രനമ്പർ 2-ൽ ആവശ്യപ്പെട്ട റെക്കോർഡുകളുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല എന്നും ക്രമനമ്പർ 6, 8 എന്നിവയ്ക്ക് 'ബാധകമല്ല' എന്ന മറുപടിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ ടിയാൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്ക് സ്പഷ്ടവും വിശദവുമായ മറുപടിയും ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ പകർപ്പും അയച്ചു നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാക്കുന്നതിനായി ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും ആയതുപ്രകാരം 22.09.2020 തീയതി റിപ്പോർട്ട് ലഭിച്ചിരുന്നു എന്നും മേൽപ്പടി റിപ്പോർട്ട് പ്രകാരം അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് 17.8.2020 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നും ക്രമനമ്പർ: 1, 3, 7, 10 എന്നിവയിലെ വിവരം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതെന്നും കെട്ടിട നിർമ്മാണാനുമതിയ്ക്കായി സമർപ്പിച്ച പ്ലാനിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് സ്വകാര്യ രേഖകളാണെന്നതിലാനാണ് നൽകാത്തതെന്നും അതിനാലാണ് വിവരാവകാശ നിയമം അനുശാസിക്കുന്നില്ല എന്ന മറുപടി നൽകിയതെന്നും കംപ്ലീഷൻ പ്ലാൻ ലഭ്യമല്ലാത്തതിനാലാണ് 'ഇല്ല' എന്ന മറുപടി നൽകിയതെന്നും എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സെപ്റ്റിക് ടാങ്കിൽ നിന്നും മണ്ണിനടിയിലൂടെയുള്ള ഊറ്റിനെ സംബന്ധിച്ച ചോദ്യം 'വിവരം' എന്നതിന്റെ ഗണത്തിൽപ്പെടുന്നതല്ല എന്നതിനാലാണ് 'ബാധകമല്ല' എന്ന മറുപടി നൽകിയതെന്നും 7-ാമത്തെ ചോദ്യത്തിന് മറുപടിയായി അപേക്ഷകയുടെ സമ്മതപത്രം എന്ന വ്യാജേന എന്തെങ്കിലും രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന മറുപടി നൽകിയിട്ടുള്ളതിനാലാണ് അതിന്റെ പകർപ്പ് ആവശ്യപ്പെട്ടുള്ള 8-മത്തെ ചോദ്യത്തിന് 'ബാധകമല്ല' എന്ന മറുപടി നൽകിയതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം ഒരു പൊതു അധികാരിയുടെ പക്കലുള്ള വിവരങ്ങളാണ് അപേക്ഷകന്

നൽകേണ്ടതെന്നും വിവരശേഖരണം നടത്തി മറുപടി നൽകേണ്ടതില്ലെന്നും ക്രമനമ്പർ 8-ലെ ചോദ്യത്തിന് നൽകിയ മറുപടി തൃപ്തികരമാണെന്നും 2, 6 എന്നിവ സംബന്ധിച്ച എസ്.പി.ഐ.ഒ.യുടെ വാദം അംഗീകരിക്കുന്നുവെങ്കിലും അക്കാര്യം ഹർജിക്കാരിയെ വ്യക്തമായി അറിയിച്ചിട്ടില്ലെന്ന് നിരീക്ഷിക്കുന്നു എന്നും ക്രമനമ്പർ: 3-ന് നൽകിയ വിവരവും തൃപ്തികരമല്ല എന്നുമാണ്. മേൽ സാഹചര്യത്തിൽ അപേക്ഷയിലെ 2, 3, 6 എന്നീ ഇനങ്ങൾക്ക് വ്യക്തമായ വിവരം അല്ലെങ്കിൽ ആയത് നൽകാത്തതിന്റെ കാരണം 7 ദിവസത്തിനകം ഹർജിക്കാരിയ്ക്കു നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരിയുടെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് മറ്റൊരാൾക്ക് കൈമാറി എന്നാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ സാമൂഹ്യ മാധ്യമത്തിലൂടെ പ്രചരിയ്ക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് ഹിയറിംഗ് വേളയിൽ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. മേൽപ്പടി നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 19/01/2020 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടവുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരുന്നു എന്നും മറുപടി നൽകുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനായി ടി അപേക്ഷയുടെ പകർപ്പ് എ8-5007/2020 നമ്പർ കവറിംഗ് ലറ്റർ സഹിതം ടി ഓഫീസിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുകയുണ്ടായി എന്നും ടി ഓഫീസിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിലും തുടർന്ന് നടത്തിയ അന്വേഷണത്തിലും മറ്റാർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ ടി അപേക്ഷയുടെ പകർപ്പ് കൈമാറിയിട്ടില്ലെന്നുമാണ്. 8/02/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നൽകിയ അപേക്ഷയുടെ പകർപ്പ് എതിർകക്ഷിയായ ഡോ. ജോയി ജോണിന്റെ പിതാവായ ശ്രീ.ജി.ജോണിന്റെ മൊബൈൽ ഫോണിൽ നിന്നും വാട്സ് ആപ്പ് സ്റ്റാറ്റസ് ആയി പ്രസിദ്ധപ്പെടുത്തി എന്നും ആയത് അപേക്ഷകയുടെയും മകന്റെയും ജീവന് ഭീഷണിയാണെന്നും ആകയാൽ ടി ഗ്രാമപഞ്ചായത്തിലെ പൊതു വിവരാവകാശ ഓഫീസർക്കെതിരെ നിയമനടപടി

സ്വീകരിക്കണമെന്നുമാണ് ടിയാന്റെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് മറുപടി തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവരശേഖരണാർത്ഥം ടി അപേക്ഷയുടെ പകർപ്പ് കൈമാറിയിരുന്ന എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറോടും ആയത് സാമൂഹ്യ മാധ്യമത്തിലൂടെ പ്രസിദ്ധീകരിച്ച ശ്രീ. ജോണിനോടും വിശദീകരണം ആവശ്യപ്പെട്ടിരുന്നതായും ആയതിന് ടിയാന്റെ അറിവോടും സമ്മതത്തോടെയും മേൽപ്പടി അപേക്ഷയുടെ പകർപ്പ് ആർക്കും നൽകിയില്ല എന്നു എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായും ശ്രീ. ജോൺ നൽകിയ വിശദീകരണത്തിൽ സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കാൻ സാങ്കേതിക പരിജ്ഞാനമില്ലാത്ത ആളാണെന്നും പഞ്ചായത്ത് ജീവനക്കാർ സ്ഥല പരിശോധനയ്ക്കായി ടി പരാതി അടങ്ങിയ ഫയലുകളുമായി എത്തിയ സമയത്ത് ടിയാന്റെ പേരക്കുട്ടികൾ മൊബൈൽ അശ്രദ്ധമായി കൈകാര്യം ചെയ്തതു കാരണമായിരിക്കാം പരാതി പകർപ്പ് ഫോണിൽ വന്നതെന്നും പിന്നീട് ഓൺലൈൻ ക്ലാസുകളിൽ മൊബൈൽ ഫോൺ മുഖേന പങ്കെടുക്കുന്ന സമയത്ത് അശ്രദ്ധമായി പ്രസ്തുത ചിത്രങ്ങൾ വാട്സ് ആപ്പ് സ്റ്റാറ്റസിൽ അകപ്പെട്ടതാകാമെന്നുമാണ്. അല്ലാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ആരും നേരിട്ടോ സാമൂഹ്യ മാധ്യമം വഴിയോ പരാതി പകർപ്പ് നൽകിയിട്ടില്ലെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണെന്നുമാണ്. ഹർജിക്കാരി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ സാമൂഹ്യ മാധ്യമത്തിലൂടെ പ്രചരിയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് പഞ്ചായത്ത് ഡയറക്ടർ അന്വേഷിച്ച് ഒരു മാസത്തിനകം കമ്മീഷൻ മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതാണ്. കൂടാതെ ഹർജിക്കാരിയുടെ അപേക്ഷയിലെ രണ്ടാം ഇനത്തിന് തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്നത്. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതര വീഴ്ചയാണ്. ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ

യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പുപ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഫെബ്രുവരി 23–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

us

on 01/3/23.


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**A.P.1216(2)/2020/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.9155/SIC-G6/2020**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി. ശോഭന എസ്.,<br>ശബരി, റ്റി.സി. 8/1218, (41/1779),<br>വലിയവിള, തിരുമല പി.ഒ.,<br>തിരുവനന്തപുരം-695 006 | അപ്പീൽ ഹർജിക്കാരി |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഹർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>പൂവച്ചൽ ഗ്രാമപഞ്ചായത്ത്,<br>പൂവച്ചൽ പി.ഒ., തിരുവനന്തപുരം-695575<br><br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,<br>തിരുവനന്തപുരം | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിലെ 2021 ഫെബ്രുവരി മാസം 23-ാം തീയതിയിലെ കമ്മീഷന്റെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമർപ്പിച്ച വിശദീകരണം പരിഗണിച്ചതിൽ നിന്നും പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. ജയന്തി എസ്. നെ നേരിൽ കേട്ടതിൽ നിന്നും ശ്രീമതി. ശോഭന എസ്. ഒരേ വിവരാവകാശ അപേക്ഷയുടേയും ഒന്നാം അപ്പീൽ അപേക്ഷയുടേയും അടിസ്ഥാനത്തിൽ രണ്ട് അപ്പീലുകൾ (A.P.1216(2)/2020/SIC & A.P.1538(6)/2020/SIC) കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. അപേക്ഷക വിവരാവകാശ നിയമം ദുരുപയോഗം ചെയ്ത് കമ്മീഷന്റെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തിയതായി കമ്മീഷന്

RIGHT TO INFORMATION

dp

ബോധ്യമാകുന്നു. ആയതിനാൽ ഇത്തരം നടപടി മേലിൽ ആവർത്തിക്കരുതെന്ന് ഹർജിക്കാരിയെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. AP. 1538(6)/2020/SIC-നമ്പരായ രണ്ടാം അപ്പീൽ അപേക്ഷയിൽ കമ്മീഷൻ ഈ വിഷയത്തിൽ നേരത്തെ തന്നെ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ തുടർനടപടി ആവശ്യമില്ലെന്ന് വിലയിരുത്തി ഈ അപ്പീൽ അപേക്ഷ തീർപ്പാക്കി ഇന്നേ ദിവസം 2023 **ഫെബ്രുവരി മാസം 15 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

ast